നം: എ4/1633/14/റ്റിബിഒ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
പാഠപുസ്തക വിഭാഗം, പത്മവിലാസം, ഫോർട്ട്,
തിരുവനന്തപുരം-695023 ,
തീയതി: /1/2015.
textbookofficer@gmail.com
ഫോൺ നം: 0471 2450027.

## സർക്കുലർ

വിഷയം:- പൊ.വി.വ.- 2015-16 അദ്ധ്യയന വർഷത്തേക്കാവശ്യമായ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഐടി സ്കൂൾ വെബ്സൈറ്റിൽ ഓൺലൈനായി ഇൻഡന്റിംഗ് നൽകുന്നത് സംബന്ധിച്ച്.

സൂചന:- 28/10/2014ന് ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ കൂടിയ യോഗത്തിലെ തീരുമാനം

.........

2015-16 അദ്ധ്യയന വർഷത്തേക്കാവശ്യമായ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് സ്കൂളുകളിൽ നിന്നും ഐടി സ്കൂൾ വെബ്സൈറ്റിൽ ഓൺലൈനായി ജനുവരി 6 മുതൽ 14 വരെ നൽകാവുന്നതാണ്. സ്കൂളുകളിൽ നിന്നും ഇൻഡന്റിംഗ് നടത്തുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

**സർക്കാർ/എയിഡഡ് സ്കൂളുകൾക്കുള്ള മാർഗനിർദ്ദേശങ്ങൾ**

മുൻ വർഷങ്ങളിലേതിൽ നിന്നും വ്യത്യസ്തമായി 2015-16 അദ്ധ്യയന വർഷത്തേക്ക് ഓരോ സ്കൂളുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റിംഗ് അതാത് സ്കൂളുകളിൽ നിന്നും നേരിട്ട് www.itschool.gov.in എന്ന വെബ്സൈറ്റിലാണ് നൽകേണ്ടത്.

**ഇൻഡന്റിംഗിനുള്ള വിവിധ ഘട്ടങ്ങൾ:-**

www.itschool.gov.in എന്ന വെബ്സൈറ്റിൽ Textbook Supply and Monitoring System എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അതാത് സ്കൂളുകൾക്കുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്. അതിനു ശേഷം സ്കൂൾ ഏത് സൊസൈറ്റിയുടെ കീഴിലാണ് വരുന്നതെന്ന് ക്ലിക്ക് ചെയ്ത് തെരഞ്ഞെടുക്കേണ്ടതുമാണ്. തുടർന്ന് എൻട്രി ഫോം ലിങ്കിൽ ക്ലിക്ക് ചെയ്ത് സ്റ്റാൻഡേർഡ് സെലക്ട് ചെയ്യുമ്പോൾ അതാത് സ്റ്റാൻഡേർഡിൽ വരുന്ന ടൈറ്റിലുകൾ ലഭ്യമാകും. ഇതിൽ No. of books required എന്ന കോളത്തിൽ ഓരോ ടൈറ്റിലിലും വേണ്ട ബുക്കുകളുടെ എണ്ണം എന്റർ ചെയ്ത് സേവ് ചെയ്യേണ്ടതാണ്. Total students of Sampoorna എന്ന തലക്കെട്ടിൽ കാണുന്ന കുട്ടികളുടെ എണ്ണം സമ്പൂർണ്ണ പ്രകാരം 2015-16 വർഷത്തേക്ക് വരാവുന്ന കുട്ടികളുടെ എണ്ണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

No. of books required എന്ന കോളത്തിൽ ടൈറ്റിലുകളുടെ എണ്ണം രേഖപ്പെടുത്തുമ്പോൾ സമ്പൂർണ്ണ പ്രകാരമുള്ള കുട്ടികളുടെ എണ്ണത്തേക്കാൾ 5% വരെ കൂടുതൽ ഇൻഡന്റിംഗ് നൽകാവുന്നതാണ്. (2014-15 അദ്ധ്യയന വർഷത്തിൽ 1,3,5,7,9,10 ക്ലാസ്സുകളിലെ പുസ്തകങ്ങൾ സ്കൂളുകളിൽ സ്റ്റോക്ക് ഉണ്ടെങ്കിൽ അതിന്റെ എണ്ണം കുറവ് ചെയ്ത് no. of books required എന്ന കോളത്തിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. 2,4,6,8 എന്നീ ക്ലാസുകളിലേത് മാറ്റമുള്ള പുസ്തകങ്ങളായതിനാൽ കുട്ടികളുടെ എണ്ണത്തേക്കാൾ 5% വരെ കൂടുതൽ ഇൻഡന്റ് രേഖപ്പെടുത്താവുന്നതാണ്).

## അംഗീകാരമുള്ള അൺഎയിഡഡ് സി.ബി.എസ്.ഇ സ്കൂളുകൾക്ക് ഇൻഡന്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ:-

അംഗീകാരമുള്ള അൺഎയിഡഡ് സ്കൂളുകളും സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് മുകളിൽ പറഞ്ഞ രീതിയിൽ ആവശ്യമുള്ള പുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തി സേവ് ചെയ്ത് ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്.

അൺഎയിഡഡ് സ്കൂളുകൾ രേഖപ്പെടുത്തിയ എണ്ണം പുസ്തകങ്ങളുടെ വില സർക്കാരിലേക്ക് അടക്കുന്നതിനായി ഒരു സോഫ്റ്റ്‌വെയർ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പിന്നാലെ ഇതേ വെബ്സൈറ്റിൽ നൽകുന്നതായിരിക്കും.

സി.ബി.എസ്.ഇ. സ്കൂളുകളും അവർക്ക് ആവശ്യമായ ഭാഷാ വിഷയങ്ങളിലെ പുസ്തകങ്ങൾക്കായി www.itschool.gov.in എന്ന വെബ്സൈറ്റിൽ സി.ബി.എസ്.ഇ school Textbook Indenting Registration എന്ന ലിങ്കിൽ പ്രവേശിച്ച് അവരുടെ സ്കൂൾ ആദ്യം രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുമ്പോൾ ലഭ്യമാകുന്ന സ്കൂൾ കോഡ്, സ്കൂൾ ഐഡി എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഇൻഡന്റ് രേഖപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള സ്കൂളുകളുടെ ഇൻഡന്റിംഗ് 13.1.2015 മുതൽ 20.1.2015 വരെ വെബ്സൈറ്റിൽ നൽകാവുന്നതാണ്.

പുസ്തകങ്ങൾക്കുള്ള വില അടയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പിന്നാലെ ഇതേ വെബ്സൈറ്റിൽ നൽകുന്നതായിരിക്കും.

## ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ:-

ജില്ലാ വിദ്യാഭ്യാസ ആഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ അവർക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ഐടി സ്കൂൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളുടെ ഇൻഡന്റിംഗ് പൂർത്തിയായിട്ടുണ്ടെന്ന് 20.1.2015 ന് മുമ്പ് ഉറപ്പാക്കേണ്ടതാണ്. അതിനു ശേഷം confirm ലിങ്കിൽ ക്ലിക് ചെയ്ത് conformation നൽകേണ്ടതാണ്.

## *Indenting/conformation സമയക്രമം*

| | | |
|---|---|---|
| 1. | ഗവ./എയ്ഡഡ്/അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകൾ | - 3.1.2015 മുതൽ 15.1.2015 വരെ |
| 2. | സി.ബി.എസ്.ഇ സ്കൂളുകൾ | - 13.1.2015 മുതൽ 20.1.2015 വരെ |
| 3. | ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ കൺഫർമേഷൻ നടത്തേണ്ട തീയതി | - 20.1.2015 |

അനുവദനീയമായ സമയപരിധിക്കുള്ളിൽ ഓരോ സ്കൂളുകളിൽ നിന്നും അടുത്ത വർഷത്തേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും നിശ്ചിത തീയതിക്കു ശേഷം പാഠപുസ്തക ആവശ്യാർത്ഥം മറ്റൊരു ഇൻഡന്റിംഗ് സംവിധാനം സ്കൂളുകൾക്ക് ഏർപ്പെടുത്തുന്നതല്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും